ഉത്തരം

(എ) സ്കൂളുകളിൽ അടുക്കള നിർമ്മാണത്തിന് ധനസഹായം നൽകുന്ന കേന്ദ്ര പദ്ധതി നിലവിലുണ്ട്.

(ബി) കുട്ടികളുടെ എണ്ണത്തിനാനുപാതികമായ തുകയാണ് കേന്ദ്ര പദ്ധതിയനുസരിച്ച് ഈ വർഷം മുതൽ അടുക്കള നിർമ്മാണത്തിനുള്ളത്. പദ്ധതി പ്രകാരം ഒരു സ്കൂളിന് അടുക്കള നിർമ്മാണത്തിനായി ലഭിക്കുന്ന ഏറ്റവും കുറഞ്ഞതുക 1.6 ലക്ഷം രൂപയും കൂടിയതുക 2.56 ലക്ഷം രൂപയുമാണ്. ഫണ്ടിന്റെ 25% തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്.

(സി) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രീകൃത അടുക്കളകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഹൈസ്കൂൾ, യു.പി., എൽ.പി. എന്നിവിടങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

29 (3775) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ, യു.പി., എൽ.പി. എന്നിവിടങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അനുപാതം പ്രാബല്യത്തിൽ വന്നത് എന്നുമുതലാണ് ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിനുള്ള മാനദണ്ഡം എന്താണ് ; നിലവിലുള്ള അനുപാതത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തു മാറ്റമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1:45

(ബി) 1964-65 അക്കാഡമിക് വർഷം മുതൽ (4-8-1964-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന)

(സി&ഡി) കെ.ഇ.ആർ. അദ്ധ്യായം VI റൂൾ 23 പ്രകാരമാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യത്യസ്തമാണ്. അത് കേരളത്തിൽ നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു വരികയാണ്.

എസ്.എസ്.എൽ.സി. ബുക്ക് തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കൽ

30 (3776) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, കുട്ടികളുടെ പേര്, മതം എന്നിവ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാതാവിന്റെയോ പിതാവിന്റെയോ പേര്, അഡ്മിഷൻ രജിസ്റ്റർ, ടി.സി, എസ്.എസ്.എൽ.സി. ബുക്ക് മുതലായവയിൽ ചേർത്തിട്ടുള്ളതിൽ തെറ്റുകൾ വന്നാൽ ആയത് തിരുത്തി നൽകുന്നതിന് ആർക്കാണ് അധികാരം നൽകിയിട്ടുള്ളത് ; ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കുമോ ;

(സി) മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തിയതിൽ വന്ന തെറ്റുകുറ്റങ്ങൾ എസ്.എസ്.എൽ.സി. ബുക്ക്, ടി.സി, അഡ്മിഷൻ രജിസ്റ്റർ മുതലായവയിൽ നിന്നും പരിഹരിച്ചുകിട്ടുന്നതിന് എന്തെല്ലാം രേഖകളാണ് നൽകേണ്ടതെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സർക്കാർ ഉത്തരവുകൾ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകൾക്ക് ബാധകമാണോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഇതിനായി തിരുത്തൽ വരുത്തേണ്ട വ്യക്തിയുടെ ഒറിജിനൽ സർട്ടിഫിക്കറ്റും ടിയാളുടെ തൊട്ടുമുന്നിലേയും തൊട്ടുതാഴെയുമുള്ള സഹോദരങ്ങളുടെ ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികളും അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവരുടെ മാമോദീസ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നത് ഒഴിവാക്കിയിട്ടുണ്ട്. ജി.ഒ(പി)215/09/പൊവിവ. തീയതി 6/11/09 പ്രകാരം ഒന്നാം ക്ലാസ് മുതൽ എസ്.എസ്.എൽ.സി-ക്ക് രജിസ്റ്റർ ചെയ്യുന്നത് വരെയുള്ള കുട്ടികളുടെ പേര്, മതം, ജനനത്തീയതി എന്നിവ സ്കൂൾ രേഖകളിൽ തിരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി. ബുക്കിൽ മതം, ജാതി എന്നിവ തിരുത്തുന്നതിനുള്ള നടപടിക്രമത്തിൽ മാറ്റം വരുത്തിയിട്ടില്ല.

(ബി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 6, റൂൾ-3 പ്രകാരം പ്രസ്തുത തിരുത്തലുകൾ എസ്.എസ്.എൽ.സി. ബുക്കിൽ വരുത്തുന്നതിനുള്ള അധികാരം പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണർക്കാണ്. ജി.ഒ(പി)215/09/പൊവിവ. തീയതി 6-11-2009 നമ്പർ ഉത്തരവ് പ്രകാരം ഒന്നാം ക്ലാസ് മുതൽ എസ്.എസ്.എൽ.സി.ക്ക് രജിസ്റ്റർ ചെയ്യുന്നതുവരെയുള്ള കുട്ടികളുടെ പേര്, മതം, ജനനത്തീയതി എന്നിവ സ്കൂൾ രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്കാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിച്ച ഒരാളുടെ സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേര് തിരുത്തൽ വരുത്തുന്നതിന് അപേക്ഷ തയ്യാറാക്കി അതിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട്, ഹെഡ്മാസ്റ്ററുടെ ശുപാർശ കത്ത്, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയത്, അപേക്ഷകന്റെ ഒറിജിനൽ ജനന സർട്ടിഫിക്കറ്റ്, അതിന്റെ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, ഒറിജിനൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് എന്നിവയും 2001-നുശേഷമുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റാണ് തിരുത്തേണ്ടതെങ്കിൽ 0202-01-102-92-അദർ റസീപ്റ്റ്സ് എന്ന ശീർഷകത്തിൽ 30 രൂപ അടച്ചതിന്റെ ചെലാൻ രസീതും സഹിതം അപേക്ഷ പരീക്ഷാഭവനിൽ ലഭ്യമാക്കേണ്ടതാണ്.

(ഡി&ഇ) ബാധകമാണ്.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം അറ്റകുറ്റപ്പണികൾക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ

31 (3777) ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഏതെല്ലാം സ്കൂളുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്കൂളിനും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടുള്ള വികസനം

32 (3778) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി ഇതുവരെ എത്ര കോടി രൂപയുടെ വിവിധ പദ്ധതികളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ പ്രധാനമായും സ്കൂളുകളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് മുൻഗണന നൽകുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly